സബർബൻ റെയിൽ പദ്ധതി

65 (6516) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സബർബൻ റെയിൽ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നത് സംബന്ധിച്ച് റെയിൽവേ അധികൃതരുമായി ചർച്ച നടത്തുകയുണ്ടായിട്ടുണ്ടോ ; എങ്കിൽ ഇതുസംബന്ധിച്ച് റെയിൽവേ അധികൃതരുടെ അഭിപ്രായമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിയെക്കുറിച്ച് പഠനറിപ്പോർട്ട് തയ്യാറാക്കുന്നതിന് ആരെയാണ് നിശ്ചയിച്ചിരുന്നത് ; ആയത് ടെണ്ടർ നടപടിക്രമത്തിലൂടെ ആയിരുന്നുവോ ; ഇതിന് ഫീസായി എന്തുതുക നൽകിയെന്ന് വ്യക്തമാക്കുമോ ;

(സി) സബർബൻ റെയിൽ പദ്ധതി നടപ്പാക്കുന്നതിന് ഏതുകമ്പനിയെയാണ് കൺസൾട്ടിംഗ് ഏജൻസിയായി നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം വ്യക്തമാക്കാമോ ;

(ഡി) സബർബൻ റെയിൽ പദ്ധതി നടപ്പിലാക്കിയ മറ്റുസംസ്ഥാനങ്ങളിൽ ഇതിലേക്കായി പ്രത്യേക പാത നിർമ്മിച്ചിട്ടുണ്ടായിരുന്നുവോ ; സംസ്ഥാനത്ത് പദ്ധതിക്കായി പ്രത്യേക പാത ഉദ്ദേശിക്കുന്നുണ്ടോ ; പ്രത്യേക പാതയില്ലാതെ ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിന്റെ സാദ്ധ്യത പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സബർബൻ റെയിൽ പദ്ധതി (തിരുവനന്തപുരം-ചെങ്ങന്നൂർ/പരിപ്പാട്) നടപ്പാക്കുന്നത് സംബന്ധിച്ച് റെയിൽവേ അധികൃതരുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് റെയിൽവേ ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായങ്ങൾ പൊതുവിൽ പ്രോത്സാഹജനകമാണ്.

(ബി) പൊതുമേഖലാ സ്ഥാപനമായ മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ ലിമിറ്റഡ്) എം.ആർ.വി.സി. നെയാണ് ഈ രംഗത്ത് അവർക്കുള്ള പരിചയസമ്പത്ത് കണക്കിലെടുത്ത് ഈ പദ്ധതിയെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നോമിനേഷനിലൂടെ നിയമിച്ച് ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുതപദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് എം.ആർ.വി.സി.-ക്ക് ആകെ നൽകേണ്ട ഫീസ് 10.99 കോടിരൂപയാണ്. അതിൽ ഇതുവരെ 4,39,62,000 രൂപ നൽകിയിട്ടുണ്ട്.

(സി) വിശദമായ പദ്ധതി റിപ്പോർട്ട് ലഭിച്ചശേഷമേ ഇക്കാര്യം തീരുമാനിക്കാനാവൂ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മുംബൈ ഒഴിച്ച് മറ്റ് സ്ഥലങ്ങളിൽ പ്രത്യേക പാതകൾ നിർമ്മിച്ചതായി അറിവില്ല. സംസ്ഥാനത്ത് ഇപ്പോൾ ഈ പദ്ധതിയിൽ പ്രത്യേക പാത ഉദ്ദേശിക്കുന്നില്ല. പ്രത്യേക പാതയില്ലാതെ നിലവിലുള്ള റെയിൽപ്പാതയിൽ ട്രെയിൻ സുരക്ഷാമുന്നറിയിപ്പ് (ട്രെയിൽ പ്രൊട്ടക്ഷൻ വാണിംഗ് സിസ്റ്റം) സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് സിഗ്നലിംഗ് സിസ്റ്റം ഏർപ്പെടുത്തി നിലവിലുള്ള റെയിൽപ്പാതയുടെശേഷി വർദ്ധിപ്പിച്ച് ഈ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറി

66 (6517) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് റെയിൽവേ കോച്ച് നിർമ്മാണ ഫാക്ടറി എന്നാണ് പ്രഖ്യാപിക്കപ്പെട്ടത് ; പ്രസ്തുതപദ്ധതിക്കായി എത്ര ഏക്കർ ഭൂമി അക്വയർ ചെയ്തു ; അതിന് എന്തുതുക ചെലവഴിച്ചു ; പ്രസ്തുതഭൂമി റെയിൽവേക്ക് കൈമാറിയോ ; എങ്കിൽ എന്ന് എന്നറിയിക്കുമോ ;

(ബി) പ്രസ്തുതഫാക്ടറിയുടെ നിർമ്മാണപൂർത്തീകരണത്തിനായി എന്തുതുക ചെലവുവരുമെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) 23-1-2014-ന് അന്നത്തെ പ്രധാനമന്ത്രിയുടെ ഓഫീസിന്റെ നിർദ്ദേശ പ്രകാരം പ്രസ്തുതപദ്ധതി നിർവ്വഹണം സംബന്ധിച്ച റിപ്പോർട്ട് സംസ്ഥാന സർക്കാരിനെ സമയാസമയങ്ങളിൽ അറിയിക്കുവാൻ നിർദ്ദേശിച്ചപ്രകാരം റെയിൽവേ സംസ്ഥാന സർക്കാരിന് ആയത് സംബന്ധമായി എന്തെല്ലാം റിപ്പോർട്ടുകളാണ് നൽകിയിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഈ വർഷം പ്രസ്തുത പദ്ധതി നിർമ്മാണം ആരംഭിക്കുന്നതിലേക്കായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2008-09-ലെ റെയിൽവേ ബഡ്ജറ്റിലാണ് പാലക്കാട് റെയിൽ കോച്ച് സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചത്. ഈ പദ്ധതിക്കായി 429.27 ഏക്കർ ഭൂമിയാണ് 10,36,29,728 രൂപ ചെലവിൽ ഏറ്റെടുത്തത്. ഏറ്റെടുത്ത ഭൂമിയിൽ നിന്നും 239 ഏക്കർ ഭൂമി 33.70 കോടി രൂപയ്ക്ക് 17-8-2012-ന് റെയിൽവേയ്ക്ക് കൈമാറി.

(ബി) ഭൂമിയുടെ വില കൂട്ടാതെ 550 കോടിരൂപയാണ് ഫാക്ടറിയുടെ നിർമ്മാണത്തിന് ആവശ്യമെന്ന് റെയിൽവേ കണക്കാക്കുന്നത്.

(സി) 23-1-2014-ലെ ടി കത്തിനുശേഷം പദ്ധതിക്കായി റെയിൽവേക്ക് കൈമാറേണ്ട ബാക്കി 94.85 ഏക്കർ സ്ഥലത്തിൽ ഉൾപ്പെടുന്ന 92.75 ഏക്കർ വനഭൂമി പദ്ധതിക്കായി നൽകുവാനുള്ള അനുമതിക്കായി ദക്ഷിണ റെയിൽവേ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് അയച്ച 25-2-2014-ലെ അപേക്ഷ കത്തിന്റെ പകർപ്പും ഇക്കാര്യം റെയിൽവേ ബോർഡിന് ദക്ഷിണ റെയിൽവേ

LIBRARY ARCHIVES Kerala Legislative Assembly